ലാത്തിച്ചാർജ്ജുകൾ.

* 1656. [32] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം ഒമ്പതു എത്ര ലാത്തിച്ചാർജ്ജുകൾ നടത്തിയിട്ടുണ്ട്;

(ബി) 1957-58-ൽ എത്ര; 1958-59-ൽ എത്ര;

(സി) അതിൽ ക്ഷതമേറ്റവരുടെ സംഖ്യ എത്ര;

(ഡി) തൊഴിലാളി സമരങ്ങൾ മൂലം ഉണ്ടായ അസ്വാസ്ഥ്യങ്ങൾ നിമിത്തം ഉണ്ടായ ലാത്തിച്ചാർജ്ജുകൾ എത്ര;

(ഇ) മറ്റു കാരണങ്ങൾക്കായി നടത്തിയിട്ടുള്ള ലാത്തിച്ചാർജ്ജുകൾ എത്ര?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) 8.

(ബി) 3, 5.

(സി) 78. (57-58-ൽ 66), (58-59-ൽ 12).

(ഡി) (1) 4.

(ഇ) (2) 4.

പ്രചരണത്തിനായുള്ള ഗവണ്മെൻറ് പ്രസിദ്ധീകരണങ്ങൾ.

* 1657 [33] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിസ്റ്റ് ഗവണ്മെൻറിൻറെ പ്രചരണത്തിനായി ഗവണ്മെൻറ് എത്ര പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഇവയുടെ കോപ്പികൾ ഏതെല്ലാം സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്;

(സി) ഇതിനത്തിൽ ഗവണ്മെൻറിന് എത്ര ചെലവുണ്ട്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. അബ്ദുൾ മജീദ്):

(എ) കേരള ഗവണ്മെൻറിൻറെ പ്രവർത്തനങ്ങൾ നയപരിപാടികൾ വിവരിച്ചുകൊണ്ടുള്ള അറുപത്തിനാലു വിവിധ പ്രസിദ്ധീകരണങ്ങൾ, സൗജന്യ വിതരണത്തിനും വിൽപ്പനയ്ക്കുമായി പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രസിദ്ധീകരണങ്ങളുടെ പ്രതികൾ ഏറിയ പങ്കും സംസ്ഥാനത്തിനകത്തും ഏതാനും ചിലവയുടെ മുന്നൂറു പ്രതികൾ മുൻ പതിവുപോലെ സംസ്ഥാനത്തിനു പുറത്തു ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്.

(സി) വിവരം പൂർണ്ണമായി ലഭിച്ചിട്ടില്ല. സാധാരണ ഈ ഡിപ്പാർട്ടുമെൻറ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനുള്ള ചെലവു ഗവണ്മെൻറ് പ്രസ്സിലെ ബഡ്ജറ്റിൽ മറ്റു സർവീസ് ഡിപ്പാർട്ടുമെൻറുകളിലെ അച്ചടി ജോലിക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നുമാണ് വഹിക്കുന്നതു. അതിനാൽ ഇതിനു പ്രത്യേക കണക്കു വച്ചിട്ടില്ല. പ്രസിദ്ധീകരണങ്ങൾ സംസ്ഥാനത്തിനകത്തു വിതരണം ചെയ്യുന്നതിനു സാധാരണയായി പ്രത്യേക ചെലവു ഉണ്ടാകാറില്ല. അവ അധികവും ഫീൽഡു പബ്ലിസിറ്റി വകുപ്പിലെ ഉദ്യോഗസ്ഥന്മാർ പ്രചരണത്തിനായി സർക്കീട്ടു പോകുന്ന അവസരങ്ങളിലാണു വിതരണം ചെയ്യുക. സാധാരണ ഗതിയിലുള്ള പോസ്റ്റേജും പാർസൽ ചാർജ്ജും മാത്രമേ, സംസ്ഥാനത്തിനു പുറത്തു ഇപ്രകാര പ്രസിദ്ധീകരണങ്ങൾ അയയ്ക്കുമ്പോൾ ഉണ്ടാകാറുള്ളു.

LIBRARY ARCHIVES Kerala Legislative Assembly